ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ലീഗൽ സർവ്വീസസ് അതോറിറ്റി

257(597) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതി കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അദാലത്തിൽ ഇരു കക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ട്, 1987 ലെ 21-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്ക് മേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 1987-ലെ 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതോ, അല്ലെങ്കിൽ സേവനത്തിൽ നിന്നും വിരമിച്ചതോ ആയ ജുഡീഷ്യൽ ഓഫീസർ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്.

(ഡി) ജൂൺ 2011 മുതൽ സെപ്റ്റംബർ 2014 വരെ 12040 അദാലത്തുകൾ നടത്തുകയും 122768 കേസുകൾ തീർപ്പാക്കുകയും ചെയ്തു.

നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

258(598) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ (NUALS)ഏതെങ്കിലും വൈസ് ചാൻസലർ പെൻഷൻ തുക ശമ്പളത്തിൽ കുറവു ചെയ്യാതെ മൊത്തമായി വാങ്ങിയിരുന്നോ ; ചാൻസലറുടെ നിർദ്ദേശപ്രകാരം അധിക ശമ്പളം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിരുന്നോ ; എങ്കിൽ ഇതു സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly